ഓഫീസ് റവന്യൂ കമ്മീഷണറുടെ കാര്യാലയം തിരുവനന്തപുരം
02 MAR 2019

009773

**കേരള സർക്കാർ**

നം.80967/എച്ച്3/2015/റവ.

റവന്യൂ(എച്ച്) വകുപ്പ്
തിരുവനന്തപുരം
തീയതി: 27.2.2019
Ph. 04712518960
revenueh123@gmail.com

B2

**പരിപത്രം**

വിഷയം:- ആർ. ആർ. ഓൺലൈൻ - ശരിയായ ശീർഷകം ആർ. ആർ ഓൺലൈൻ വെബ്സൈറ്റിൽ ഉൾപ്പെടാത്തതുമൂലം റവന്യൂ റിക്കവറി പ്രകാരം ലഭിക്കുന്ന തുക ഇ-പെയ്മെന്റ് വഴി സ്വീകരിക്കുവാൻ കഴിയാത്തത് - അതാത് വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഇനങ്ങൾക്കുള്ള ശരിയായ ശീർഷകം ആർ. ആർ ഓൺലൈൻ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന: ലാൻഡ് റവന്യൂ കമ്മീഷണറുടെ 14.1.2019 -ലെ LR(B2-22358/2018 നമ്പർ കത്ത്

സർക്കാരിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് റവന്യൂ റിക്കവറി നടപടികളിലൂടെ ആർജ്ജിക്കുന്ന വരുമാനം. ആയത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1.1.2017 മുതൽ സംസ്ഥാനമൊട്ടാകെ റവന്യൂ റിക്കവറി നടപടികൾക്കായുള്ള അർത്ഥനകൾ rr.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ വഴി സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. അത്തരത്തിൽ റവന്യൂ വകുപ്പ് പിരിച്ചെടുക്കുന്ന വിവിധ നികുതികൾ, റവന്യൂ റിക്കവറി പ്രകാരമുള്ള കുടിശ്ശിക തുകകൾ എന്നിവ ഓൺലൈൻ വഴി സ്വീകരിക്കുന്നതിന് e-payment സംവിധാനം Software – ൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ആർ. ആർ ഓൺലൈൻ വെബ്സൈറ്റ് ആരംഭിച്ച ഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട ശീർഷകങ്ങൾ (Head of account) RR Software -ൽ ഉൾപ്പെടുത്തുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഏതാനും വകുപ്പുകൾ മാത്രമേ ഇത്തരത്തിൽ ശീർഷകങ്ങൾ (Head of Account) ആർ. ആർ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നും ഉൾപ്പെടുത്തിയ ശീർഷകങ്ങൾ പലതും തെറ്റാണെന്നും e-payment സംവിധാനം ഏർപ്പെടുത്തിയ ശേഷം ശരിയായ ശീർഷകമല്ലാത്തതിനാൽ തുക സ്വീകരിക്കുവാൻ സാധിക്കുന്നില്ല എന്നുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത് ഗുരുതരമായ വീഴ്ചയാണ്. സർക്കാർ ഇത് സഗൗരവം വീക്ഷിക്കുന്നു.

ഈ സാഹചര്യത്തിൽ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട വിവിധ ഇനങ്ങളിലുള്ള ശരിയായ ശീർഷകം rr.kerala.gov.in എന്ന വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ഒരു മാസത്തിനകം എല്ലാ വകുപ്പ് മേധാവികളും സ്വീകരിക്കേണ്ടതും തെറ്റായ ശീർഷകം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഉടൻതന്നെ തിരുത്തി ശരിയായ ശീർഷകമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

✓ ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
(RR online ഉൾപ്പെട്ട എല്ലാ വകുപ്പുമേധാവികൾക്കും ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Lakshmi

**സെക്ഷൻ ഓഫീസർ**